# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.02/PR/PIC/PHQ/18 Date : 05.01.2018

## നിരീക്ഷണം ശക്തമാക്കാൻ യൂണിഫോമിൽ ഘടിപ്പിക്കുന്ന ക്യാമറകളുമായി കേരള പോലീസ്

ക്രമസമാധാനപാലനത്തിലും പട്രോളിങ് വേളയിലും നിരീക്ഷണവും അനുബന്ധപ്രവർത്തനങ്ങളും ശക്തമാക്കാൻ യൂണിഫോമിൽ ഘടിപ്പിക്കുന്ന അത്യാധുനിക ക്യാമറകളുമായി കേരള പോലീസ്. പൈലറ്റ് അടിസ്ഥാനത്തിൽ എറണാകുളത്തും തിരുവനന്തപുരത്തും നടപ്പിലാക്കുന്ന പദ്ധതിക്ക് പോലീസ് ആസ്ഥാനത്ത് തുടക്കമായി. തിരഞ്ഞെടുക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ക്യാമറകൾ കൈമാറി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉദ്ഘാടനം നിർവ്വഹിച്ചു. “ക്രമസമാധാനപാലനം കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ഏറ്റവും ആധുനികമായ ക്യാമറകളാണ് ഇതിൽ ഉപയോഗിക്കുന്നത്. ഈ വർഷം തന്നെ കേരളമാകെ പദ്ധതി നടപ്പാക്കും”- ഉദ്ഘാടനവേളയിൽ സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

ബ്രോഡ്കാസ്റ്റിങ് സംവിധാനമുള്ള ക്യാമറകളാണ് പുതിയ പദ്ധതിക്കായി കേരള പോലീസ് ഉപയോഗിക്കുന്നത്. പൊതുമേഖലാ സ്ഥാപനമായ ബ്രോഡ്കാസ്റ്റിങ് കൺസൾട്ടന്റ് ഇന്ത്യ ലിമിറ്റഡ് എന്ന മിനിരത്ന കമ്പനിയാണ് ഈ ക്യാമറകൾ നിർമ്മിച്ച് നൽകിയത്. ലൈവ് സ്ട്രീമിങ്ങാണ് ഇതിന്റെ ഒരു സവിഷേ.ത. 4ജി സിം ഉപയോഗിച്ച് ക്യാമറ ദൃശ്യങ്ങളും ശബ്ദവും ജി.എസ്.എം. സംവിധാനം വഴി കൺട്രോൾ റൂമിലേക്കോ ആവശ്യമുള്ള മറ്റേതെങ്കിലും കേന്ദ്രത്തിലേക്കോ അയയ്ക്കാം. ക്രമസമാധാനപാലനവേളയിൽ ജില്ലാ പോലീസ് മേധാവി, റേഞ്ച് ഐ ജി, എ ഡി ജി പി , സംസ്ഥാന പോലീസ് മേധാവി തുടങ്ങിയ ഉദ്യോഗസ്ഥർക്ക് ഈ ദൃശ്യങ്ങൾ കാണാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും സാധിക്കും. ‘പുഷ് ടു ടാക് ’ (PTT- Push to Talk) സംവിധാനം വഴി സീനിയർ ഓഫീസർക്ക് ക്യാമറ ഘടിപ്പിച്ച പോലീസ് ഓഫീസറോടും തിരിച്ചും സംസാരിക്കാനാവും. ക്യാമറ സംവിധാനം ചേർന്ന ഒരു ഗ്രൂപ്പിനുള്ളിൽ അംഗങ്ങൾക്ക് പരസ്പരം സംസാരിക്കാനും കഴിയും. ഇവയക്കു പുറമേ, 64 ജിബി മെമ്മറിയുള്ള ക്യാമറകളിൽ ഓഡിയോ വീഡിയോ റെക്കോഡിങ് സൗകര്യമുൾപ്പെടെ മറ്റു സാധാരണ ക്യാമറകളിലുള്ള സംവിധാനങ്ങളുമുണ്ട്. ഓരോ ദിവസത്തെയും റെക്കോഡിങ് അതതു ദിവസം കൺട്രോൾ റൂമിൽ ശേഖരിക്കുന്നതിനും പിന്നീടുള്ള വിശകലനത്തിന് ഉപയോഗിക്കുന്നതിനും കഴിയും. പോലീസ് പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാനും പുതിയ സംവിധാനം വഴിയൊരുക്കും.

എ ഡി ജി പി ആനന്ദകൃഷ്ണൻ, ഐ ജി മാരായ മനോജ് എബ്രഹാം, ദിനേന്ദ്ര കശ്യപ്, സിറ്റി പോലീസ് കമ്മീഷണർ പി പ്രകാശ്, എ ഐ ജി വി. ഗോപാലകൃഷ്ണൻ, എ എ ഐ ജി ഹരിശങ്കർ, കൺട്രോൾ റൂം എസി വി. സുരേഷ് കുമാർ മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു.

********